48. ക്ഷീര വികസന മേഖലയിൽ നമ്മുടെ സംസ്ഥാനം കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിലായി ആകർഷകമായ വളർച്ച നേടിയിട്ടുണ്ട്. സങ്കരയിനം കന്നുകാലികളുടെ വംശവർദ്ധനവിലൂടെയും, മൃഗ സംരക്ഷണ സേവനങ്ങൾ വ്യാപിപ്പിച്ചതിന്റേയും ഫലമായിട്ടാണ് ഈ നേട്ടം കൈവരിച്ചത്. സഞ്ചരിക്കുന്ന കൃത്രിമബീജ സങ്കലന യൂണിറ്റുകളും കറവയന്ത്രങ്ങളും സ്ഥാപിക്കുന്നതാണ്. 2000-2001-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 100 മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതാണ്. അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതാണ്. നാലു ലക്ഷം സങ്കരയിനം കറവ പശുക്കളേയും അവയുടെ ഉടമസ്ഥരേയും 'കാമധേനു ഇൻഷുറൻസ്' പദ്ധതിയിൽ ചേർക്കുന്നതാണ്. 20000 കർഷകരെ ശാസ്ത്രീയമായ മൃഗസംരക്ഷണ സേവനങ്ങളിൽ പരിശീലനം നൽകുകയും 10000 അഭ്യസ്ഥവിദ്യരായ തൊഴിൽരഹിത യുവജനങ്ങളെ സ്വയംതൊഴിൽ കണ്ടെത്താൻ ഈ മേഖലയിൽ പരിശീലനം കൊടുത്ത് പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്. 500 പശുക്കൾക്ക് ഒരു കേന്ദ്രം എന്ന നിലയിൽ ആവശ്യമായ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്.

49. വയനാട്ടിലെ ബ്രഹ്മഗിരി ഡയറി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

50. സുപ്രധാനമായ ഈ മേഖലയ്ക്ക് ഞാൻ 43.11 കോടി രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം

51. അടുത്തവർഷം വിദ്യാഭ്യാസത്തിന് ആകെ 2817 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഈ മേഖലയിലെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് വിദ്യാഭ്യാസ മേഖലയിൽ ഏകദേശം നൂറ്റമ്പതോളം പ്ലാൻ സ്കീമുകൾ ഓരോ വർഷവും നടപ്പിലാക്കിവരുന്നു.

52. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുകൂടിയും 49.98 കോടി രൂപ വാർഷിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് 1.1.96 മുതൽ തന്നെ യു.ജി.സി. സ്കീം നടപ്പിലാക്കിയിട്ടുണ്ട്.

53. കോഴിക്കോട്, വയനാട്, പാലക്കാട്, തിരുവനന്തപുരം, എന്നിവിടങ്ങളിലെ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് 6.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

54. കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപ്പെടുത്തുന്നതും, സ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കുന്നതും രണ്ടായിരത്തി ഒന്നോടുകൂടി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2000-2001-ലെ രണ്ടാം വർഷ പരിപാടികൾക്കായി പദ്ധതിയിനത്തിൽ 15 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തുന്നു.

ആരോഗ്യം

LIBRARY ARCHIVES Kerala Legislative Assembly

55. അടുത്ത വർഷത്തെ ബഡ്ജറ്റിൽ 697 കോടി രൂപയുടെ വർദ്ധിച്ച വിഹിതം ആരോഗ്യത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു. സംസ്ഥാനത്തിലെ 944 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സ്റ്റാഫിന്റെ അപര്യാപ്തതമൂലം പ്രവർത്തനം തുടങ്ങുവാൻ കഴിയാത്ത നിരവധി വാർഡുകളും കെട്ടിടങ്ങളും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഉണ്ട്. 2000-2001-ൽ 25 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഞാൻ 1.5 കോടി രൂപ വകയിരുത്തുന്നു.

56. അടുത്തവർഷം നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ശക്തിപ്പെടുത്തുന്നതിനു പുറമെ 25 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

57. 'സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ്' എന്ന സ്ഥാപനത്തിന് ഈ ബഡ്ജറ്റിൽ 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

58. റീജിയണൽ ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ ട്രെയിനിംഗ് സെന്ററിനെ ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതാണ്. ഇതിനുവേണ്ടി 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

59. പ്രധാന ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, 100 കിടക്കകളുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികൾ എന്നീ ക്രമത്തിൽ ഘട്ടംഘട്ടമായി വിദഗ്ദ്ധസേവന സൗകര്യങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതി അനുസരിച്ച് നിയമിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതിനുവേണ്ടി 25 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

60. മെഡിക്കൽ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള വിവിധ നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.ഫാമിന് പുതിയ കോഴ്സ് ആരംഭിക്കുന്നതാണ്. ഈ ആവശ്യത്തിനും നിലവിലുള്ള കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനുമായി എന്റെ ഈ ബഡ്ജറ്റിൽ ഞാൻ 30 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

61. 2000-2001-ൽ കോട്ടയത്ത് ഒരു ദന്തൽ കോളേജ് ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

62. റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന് സ്വന്തമായ സ്റ്റാഫും മറ്റ് സൗകര്യങ്ങളും നൽകുന്നതാണ്. ഈ ആവശ്യത്തിനായി 9 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

63. 2000-2001-ൽ 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും, 5 ആയുർവേദ ഡിസ്പെൻസറികളെ 20 കിടക്കകളുള്ള ആശുപത്രികളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും നിലവിലുള്ളത് അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ഞാൻ 1.2 കോടി രൂപ വകയിരുത്തുന്നു.

64. 2000-2001-ൽ 3 ആയുർവേദ ആശുപത്രികളെ താലൂക്ക് ആശുപത്രികളായി ഉയർത്തുന്നതാണ്. ഇതിനുവേണ്ടി 15 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

65. അടുത്തവർഷം ആയുർവേദ വിദ്യാഭ്യാസത്തിന് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതാണ്.

66. അടുത്തവർഷം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതാണ്. നിലവിലുള്ള ഡിസ്പെൻസറികളെ പരിഷ്കരിക്കുന്നതിനും പുതിയ ഡിസ്പെൻസറികൾ തുറക്കുന്നതിനും വേണ്ടി ബഡ്ജറ്റിൽ 1.4 കോടി രൂപ മാറ്റിവയ്ക്കുന്നു.

67. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനു തൊഴിൽപരമായ ട്രെയിനിംഗ് ഡിവിഷൻ ആരംഭിക്കുന്നതാണ്. ഈ തുടർവിദ്യാഭ്യാസ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

68. ആരോഗ്യ വിദ്യാഭ്യാസരംഗത്തെ കൂടുതൽ ഫലപ്രദമായി കൂട്ടിയിണക്കുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടുതൽ മെച്ചപ്പെട്ട സേവനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഉടമസ്ഥതയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ആദ്യപടിയായി ഇതിനു വേണ്ടി 50 കോടി രൂപ നീക്കിവയ്ക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

69. കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗത്ത് പടന്നയിലെ ഇ. എം.എസ്. സ്മാരക സഹകരണ ആശുപത്രി നൽകിയ സംഭാവനകൾ മാനിച്ച് ഈ സ്ഥാപനത്തിന് പ്രത്യേക ഗ്രാന്റായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

70. അന്തർദ്ദേശീയ അംഗീകാരം ലഭിച്ചിട്ടുള്ള അമേരിക്കയിലെ മയോക്ലിനിക്ക്, പ്രമേഹ രോഗനിയന്ത്രണത്തിനും ഗവേഷണത്തിനും, ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും മറ്റുമായി ലോക നിലവാരമുള്ള ഒരു സ്ഥാപനം സ്ഥാപിക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ഈ ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

വ്യവസായം

71. സംസ്ഥാന പദ്ധതിയിനത്തിൽ വ്യവസായ മേഖലയ്ക്ക് 257 കോടി രൂപയുടെ വർദ്ധിച്ച വിഹിതമാണ് മാറ്റിവച്ചിട്ടുള്ളത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 15 ശതമാനം വർദ്ധനവ് കാണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

49. I am also allocating Rs. 10 lakh for the activities in the Brahmagiri Dairy Project.

50. I am providing Rs. 43.11 cr. for this vital sector.

Education

51. The total allocation for Education in 2000-01 is Rs. 2817 cr. each year the State operate nearly 150 Plan schemes under this sector, accounting for the massive requirements of resources here.

52. Notwithstanding our financial difficulties, Government have implemented the UGC Scheme with effect from 1.1.96, with a total annual commitment of Rs. 49.98 cr.

53. An outlay of Rs. 6.5 cr. has been set apart for the new engineering colleges in Kozhikode, Wayanad, Palakkad and Thiruvananthapuram.

54. Government have divided to complete the de-linking of PDC from Colleges and complete the process of introduction of higher secondary course in schools by 2001. Rs. 15 cr. has been provided under the Plan Budget for the second year's programme in 2000-01.

Health

55. Health has been given an enhanced allocation of Rs. 697 cr. in the next year's budget. 944 primary health centres in the State have been transferred to local bodies. These are several buildings/wards in primary health centres, which have not been made functional for want of staff. During 2000-01 it is proposed to create additional staff in 25 PHCs. I am setting apart Rs. 1.5 cr. for the strengthening of primary health centres.

56. Next year, besides strengthening existing Community Health Centres, Government also intends to upgrade 25 PHCs into Community Health Centres. I am providing Rs. 2 cr. for this purpose in the budget.

57. I propose to give the Society for rehabilitation of Cognitive and Communicative Disorders Rs. 20 lakhs in the budget.

58. The Regional Health and Family Welfare Training Centre will be upgraded into a State Institute. I am providing Rs. 10 lakhs for this purpose in the budget.

59. Government intends to start specialty cadres in a phased manner starting first from major hospitals, specialty hospital district hospitals and finally in other hospitals including CHCs with over 100 beds. I am providing Rs. 25 lakhs for meeting salary commitments for staff appointed under this programme.

60. Government is considering various proposals for starting of new courses in Medical Colleges. A new B.Pharm Course will be started in Medical College, Kozhikode. For this purpose and for strengthening existing courses I am setting apart Rs. 30 lakhs in my Budget.

LIBRARY ARCHIVES Kerala Legislative Assembly

61. During 2000-2001, it is proposed to establish a new dental college at Kottayam. I am setting apart Rs. 10 lakhs for initial expenditure for this in the budget.

62. The Directorate of radiation Safety will be provided with its own staff and facilities in 2000-01. I have allocated Rs. 9 lakhs for this purpose.

63. During 2000-2001, Government proposes to start 25 new Ayurveda dispensaries and to upgrade 5 Ayurveda dispensaries into 20 bedded hospitals. For opening and impovement of dispensaries in rural areas and for the upgradation of existing dispensaries, I am earmaking Rs. 1.2 cr. in the budget.

64. Three Ayurveda hospitals will be upgraded into taluk level hospitals in 2000-2001. I have allocated Rs. 1.5 lakhs for this purpose.

65. The possibility of creating a Directorate for Ayurveda will be explored in the next year.

66. Fifty new homeopathy dispensaries will be opened in the next year. For the improvement of existing dispensaries and for opening new dispensaries, I have set apart Rs. 1.4 cr. in my Budget.

67. A separate Training Division will be started next year for the professional training of doctors and para-medicals. I have provided Rs. 50 lakhs in my budget for continuing medical education for doctors and para-medicals.

68. Government intends to bring the Pariyaram Medical College into its ownership for integrating it more completely into the medical education system and to assure better services to the faculty and students. As a first step, I am happy to announce an amount of Rs. 50 cr.

69. I shall also provide a special grant of Rs. 10 lakhs for the EMS Memorial Co-operative Hospital at Padanna in Kasargod in recognition of the role of this hospital in improving delivery of health services in Kasargod.

70. The internationally recognized Mayo Clinic of USA has come forward to help in setting up a world-class institute for research into preventive measures for diabetes and methodologies for its treatment, training and education. I have provided Rs. 50 lakhs in my budget for the establishment of the Institute.

Industries

71. The Industries sector has been given an enhanced allocation of Rs. 257 cr. in the State Plan. This is an increase of nearly 15% from the previous year

72. Government have introduced a "Single Windows System" for granting clearances, certificates and license required for an industry within a prescribed time limit. The thrust next year shall be on generating more employment for the women of our State. 20000 new SSI units will be setup in the State with a capital investment of Rs. 480 cr. and job opportunities for 88000 persons.

LIBRARY ARCHIVES Kerala Legislative Assembly